**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2449. 19.07.2016 ൽ മറുപടിയ്ക്ക്.**

**സംസ്ഥാനങ്ങളിലെ വാഹനനികുതി സമ്പ്രദായം ഏകീകരിയ്ക്കാൻ കേന്ദ്രസർക്കാരിനെ സമീപിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. വി.റ്റി. ബൽറാം<br>,, പി.ടി. തോമസ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മറ്റുള്ള സംസ്ഥാനങ്ങളിൽ അവിടത്തെ നികുതി അടയ്ക്കാതെ ഇതരസംസ്ഥാന സ്വകാര്യ വാഹനങ്ങൾ ഓടിക്കാനുള്ള കാലാവധി വ്യത്യസ്തമായതുമൂലം കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്വകാര്യവാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വിവിധ സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കമ്മീഷണർമാരും മുഖ്യമന്ത്രിമാരും തമ്മിൽ ഈ വിഷയത്തിൽ മുമ്പ് പലതവണ ചർച്ചകൾ നടത്തിയെങ്കിലും ഫലപ്രദമായ പരിഹാരങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |
| (ബി) | തമിഴ് നാട്ടിൽ പ്രത്യേക അനുമതിയോടെ രണ്ട് വർഷം വരെ കേരള രജിസ്ട്രേഷൻ വാഹനങ്ങൾ ഓടിക്കാമെന്നിരിക്കെ കർണാടകയിൽ ഒരു മാസത്തിൽ കൂടുതൽ കേരള രജിസ്ട്രേഷനുള്ള വാഹനങ്ങൾ ഓടിച്ചാൽ വാഹന ഉടമകളിൽനിന്നും 15 വർഷത്തെ വാഹനനികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | ഉണ്ട്. കർണ്ണാടകയിൽ ഒരു മാസത്തിൽ കൂടുതൽ കേരള രജിസ്ട്രേഷനുള്ള വാഹനങ്ങൾ ഓടിച്ചാൽ വാഹന ഉടമകളിൽ നിന്നും 15 വർഷത്തെ വാഹന നികുതി ഈടാക്കുന്ന രീതി കർണാടക ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലെ വാഹനനികുതി ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. വാഹന നികുതി ഒരു സംസ്ഥാന വിഷയമാണ്. എന്നാൽ കേന്ദ്രസർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ 2015-ൽ വാഹന നികുതി ഏകീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നികുതി കേന്ദ്രസർക്കാർ പിരിച്ചെടുത്ത് അത് സംസ്ഥാനങ്ങൾക്ക് പങ്കു വച്ചു നൽകുന്നതിനുള്ള വ്യവസ്ഥകളും നിർദ്ദേശിച്ചിട്ടുണ്ട്. വാഹന നികുതി എന്നത് സംസ്ഥാന വിഷയമായതിനാൽ അത് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഉള്ള അധികാരം സംസ്ഥാന സർക്കാരിൽ തന്നെ നില നിർത്തണം എന്നാണ് സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാട്. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.